Draft #1 of File 176214/AD A5-2/2021/AD A 5 Approved by ASSISTANT REGISTRAR I (ACADEMIC) on 29-Dec-2021 09:25 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മാർ അത്തനേഷ്യസ് കോളേജ് ,കോതമംഗലം - ദക്ഷിണ മേഖലാ അന്തർ സർവ്വകലാശാല പുരുഷ ഫുട്ബാൾ മത്സരവും അഖിലേന്ത്യാ അന്തർ സർവ്വകലാശാല പുരുഷ ഫുട്ബോൾ മത്സരവും സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് - ക്ലാസുകൾ ഓൺലൈനായി നടത്തുന്നതിന് അനുമതി നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 7511/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.12.2021

---

*പരാമർശം:*-1. 27.11.2021 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ:6410/AD A5/2021/എം.ജി.യു

2. കോതമംഗലം, മാർ അത്തനേഷ്യസ് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

ദക്ഷിണ മേഖലാ അന്തർ സർവ്വകലാശാല പുരുഷ ഫുട്ബോൾ മത്സരവും അഖിലേന്ത്യാ അന്തർ സർവ്വകലാശാല പുരുഷ ഫുട്ബോൾ മത്സരവും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ആതിഥേയത്വത്തിൽ 2022 ജനുവരി 05 മുതൽ 15 വരെ കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിൽ സംഘടിപ്പിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ടി മത്സരങ്ങൾ സുഗമമായി സംഘടിപ്പിക്കുവാനായി 2022 ജനുവരി 04 മുതൽ 15 വരെ ടി കോളേജിലെ ക്ലാസുകൾ ഓൺലൈനായി നടത്തുന്നതിനുള്ള അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷ പരിഗണിച്ചുകൊണ്ട് 2022 ജനുവരി 04 മുതൽ 15 വരെ കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ക്ലാസുകൾ ഓൺലൈനായി നടത്തുന്നതിനു വൈസ് ചാൻസലർ അനുമതി നൽകിയിരിക്കുന്നു. മത്സരങ്ങൾക്ക് ശേഷം ഓഫ്‌ലൈൻ ക്ലാസുകൾ തുടങ്ങുന്നതിനു മുൻപായി കോളേജിലെ ക്ലാസ് മുറികളും ക്യാമ്പസ് മുഴുവനും അണുവിമുക്തമാക്കി എന്ന് ടി കോളേജ് പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ, മാർ അത്തനേഷ്യസ് കോളേജ്,കോതമംഗലം
2. വൈസ് ചാൻസലർ/പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ബന്ധപ്പെട്ട ജെ.ആർ./ ഡി. ആർ./ എ. ആർ.(ഭരണം / അക്കാദമിക്/ പരീക്ഷ)
5. എ സി എ 1/ എ ഡി എ 5/ ഐ ക്യു എ സി
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. കരുതൽ ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 176214/AD A5-2/2021/AD A 5 Approved by ASSISTANT REGISTRAR I (ACADEMIC) on 29-Dec-2021 09:25 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം